**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3244** **15-02-2024 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ജില്ലയിലെ റോഡുകളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ കുറ്റിപ്പുറം റോഡിന്റെയും കൊടുങ്ങല്ലൂർ-തൃശ്ശൂർ റോഡിന്റെയും നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പാക്കേജ് 3 പദ്ധതിയിലുൾപ്പെടുത്തി കെ.എസ്.ടി.പി. നടപ്പിലാക്കുന്ന കൊടുങ്ങല്ലൂർ – ഷൊർണ്ണൂർ റോഡിന്റെ പുനരുദ്ധാരണം 30 ശതമാനവും തൃശ്ശൂർ – കുറ്റിപ്പുറം റോഡിന്റെ പുനരുദ്ധാരണം 21 ശതമാനവും നിർമ്മാണ പുരോഗതി കൈവരിച്ചിട്ടുണ്ട്. |
| (ബി) | റീബിൽഡ് കേരളയിൽ ഉൾപ്പെട്ട പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കുവാൻ കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | നിർമ്മാണ പ്രവൃത്തികളുടെ മന്ദഗതിയിലുള്ള പോക്ക് ഗതാഗത കുരുക്കും യാത്രാ ദുരിതവും ഉണ്ടാക്കുന്നതിനാൽ ആയതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ? | (സി) | പ്രവൃത്തി നടക്കുന്ന ഭാഗങ്ങളിൽ ജില്ലാ ഭരണകൂടത്തിന്റേയും പോലീസ് ഉദ്യോഗസ്ഥരുടേയും സഹായത്തോടെ നിലവിലെ ഗതാഗതം ഒരുവരിയാക്കി മറ്റ ഭാഗത്തെ ഗതാഗതം സമീപറോഡുകളിലൂടെ തിരിച്ചു വിട്ട് ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ